## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 135 | 16/03/2015-ൽ മറുപടിയ്ക്ക്

### പച്ചക്കറി സംഭരണ സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | എ) ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് മുഖേന സംഭരിക്കുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാതല സംഭരണവിതരണ കേന്ദ്രങ്ങൾ, പച്ചക്കറി വികസനപദ്ധതിയുമായി ബന്ധപ്പെട്ട ക്ലസ്റ്ററുകൾ, വിവിധ മാർക്കറ്റുകൾ എന്നിവയിലൂടെയും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നുണ്ട്. |
| ബി) സംഭരണ ശാലകളിൽ എത്തപ്പെടുന്ന പച്ചക്കറി മുഴുവനും സംഭരിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | ബി) കർഷകർ നേരിട്ട് ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിൽ എത്തിക്കുന്ന മുഴുവൻ പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്. എന്നാൽ കൃഷിവകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ, ജില്ലാ തല സംഭരണ വിതരണകേന്ദ്രങ്ങൾ എന്നിവയിൽ സംഭരിക്കപ്പെടുന്ന പച്ചക്കറികൾ പൂർണ്ണമായും സംഭരിക്കുവാൻ ചില അവസരങ്ങളിൽ സാധിക്കുന്നില്ല. പൊതു വിപണിയിലെ ആവശ്യകത, ഉല്പന്നങ്ങളുടെ ഇനം, ഗുണനിലവാരം, ഒരേ ഉല്പന്നങ്ങളുടെ അധിക ഉല്പാദനം എന്നിവ സംഭരണ പ്രക്രിയയെ സ്വാധീനിക്കുന്നുണ്ട്. |
| സി) പച്ചക്കറി സംഭരിച്ച ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്യേണ്ടുന്ന കുടിശ്ശിക തുകയെ | സംസ്ഥാനത്ത് പച്ചക്കറി സംഭരിച്ച ഇനത്തിൽ കർഷകർ, കാർഷികമൊത്ത വ്യാപാര വിപണികൾ, കർഷകസംഘങ്ങൾ, സ്വാശ്രയ |

| | |
|---|---|
| സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; | കർഷകവിപണികൾ തുടങ്ങിയവയ്ക്ക് 94,38,961 രൂപ 77 പൈസ ഹോർട്ടികോർപ്പ് നൽകാനുണ്ട്. |
| ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ സ്വകാര്യ ഏജൻസികൾ മുഖേന സംഭരണം നടത്താറുണ്ടോ; വിശദമാക്കാമോ? | കൃഷി വകുപ്പിന്റെ അധീനതയിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാ തല സംഭരണ വിതരണ കേന്ദ്രങ്ങൾ, പച്ചക്കറി വികസന പദ്ധതിയുടെ ക്ലസ്റ്ററുകൾ എന്നിവയിൽ സ്വകാര്യ ഏജൻസികൾ മുഖേന സംഭരണം നടത്തുന്നില്ല. കർഷകർ അവരുടെ ഉല്പന്നങ്ങൾ നേരിട്ട് സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ച് ലേലത്തിലൂടെ വിപണനം നടത്തുകയാണ് ചെയ്യുന്നത്.<br><br>ഹോർട്ടികോർപ്പ്, സംസ്ഥാനത്തെ കർഷകർ, കർഷകസംഘങ്ങൾ, വി.എഫ്.പി.സി.കെ, കാർഷികമൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം ന്യായവില നൽകി നേരിട്ട് സംഭരിച്ച് വിപണനം നടത്തി വരുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽസംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും നേരിട്ടും ഏജൻസികൾ മുഖേനയും സംഭരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ